# നവകേരളം വാർത്ത

**2023 ജനുവരി 01-15** ന്യൂസ് ലെറ്റർ




അനാദിയായ കാല. വാഹത്തിനൊപ്പം ഒരാണ്ടു കൂടി പിന്നിട്ടു. ലോകത്തെവിടെയുമെന്ന പോലെ നമ്മുടെ നാടും പ്രതീക്ഷയോടെ പുതുവർഷത്തെ വരവേൽക്കുകയാണ്.

പ്രതിസന്ധികൾ പലതും അതിജീവിച്ചു മുന്നേറിയെങ്കിലും ആധുനിക സമൂഹമെന്ന നിലയിൽ നാം നേരിടുന്ന ചില സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങളെ കാണാതിരിക്കാനാവില്ല എന്ന വസ്തുത ഈ പുതുവർഷം നമ്മെ ഓർമ്മിപ്പിക്കുന്നു. ശുചിത്വവും മാലിന്യ സംസ്കരണവും, കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും, നെറ്റ് സീറോ എമിഷൻ അഥവാ കാർബൺ ന്യൂട്രൽ സ്ഥിതിയിലേക്കെത്തേണ്ടതിന്റെ ആവശ്യകത, ജലാശയങ്ങളിൽ ശുദ്ധജലം, സ്വച്ഛമായൊഴുകുന്ന നീർച്ചാലുകളും പുഴകളും, സഫലമാകുന്ന പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ, എല്ലാവർക്കും പാർപ്പിടം, അവസര തുല്യതയും സാമൂഹിക നീതിയും അടിസ്ഥാനമാക്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം, മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ സാർവത്രികമാക്കിയുള്ള ആരോഗ്യ മേഖല തുടങ്ങിയവ ഇതിൽ പ്രധാനമാണ്.

നവകേരളം കർമപദ്ധതി ഈ വിഷയങ്ങളെ ശാസ്ത്രീയവും ജനകീയവുമായ മാർഗങ്ങളിലൂടെ അഭിസംബോധന ചെയ്തുവരികയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങളും അവയുടെ ഫലപ്രാപ്തിയും സംസ്ഥാനത്ത് സൃഷ്ടിച്ച ഗുണപരമായ മാറ്റങ്ങൾ ഇതിനകം ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. എങ്കിലും ഹരിതസമൃദ്ധ കേരളം, സമ്പൂർണ്ണ ശുചിത്വ കേരളം, വ്യാധികളില്ലാത്ത കേരളം, എല്ലാവർക്കും പാർപ്പിടവും ഉപജീവനവും, പരിസ്ഥിതി സന്തുലിത കേരളം തുടങ്ങിയ ലക്ഷ്യങ്ങളിലേക്ക് ഇനിയുമേറെയുണ്ട് ദൂരം.

ജനകീയ പങ്കാളിത്തത്തോടെ ഈ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തനങ്ങളിലാണ് നവകേരളം കർമപദ്ധതി 2. എല്ലാവരുടെയും പിന്തുണയും സഹകരണവും ഈ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രതീക്ഷിച്ചു കൊണ്ട് ഏവരുടെയും പ്രതീക്ഷകൾ നിറവേറ്റാനാവും വിധമുള്ള പുതുവർഷം ആശംസിക്കുന്നു.

## എല്ലാ നിയോജക മണ്ഡലങ്ങളിലും അത്യാധുനിക ഐസൊലേഷൻ വാർഡുകൾ




ആധുനിക സൗകര്യങ്ങളോടുകൂടിയ ഐസൊലേഷൻ വാർഡുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് നിർവഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ മുഹമ്മദ് റിയാസ്, അഹമ്മദ് ദേവർകോവിൽ, അതത് മണ്ഡലങ്ങളിലെ എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കോവിഡ് പോലെയുള്ള മഹാമാരികളും മറ്റ് പകർച്ചവ്യാധികളും നേരിടുന്നതിന് ആരോഗ്യ മേഖലയെ കൂടുതൽ സജ്ജമാക്കുന്നതിന്റെ ഭാഗമായാണ് എല്ലാ നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കുന്നത്. ഓരോ നിയോജക മണ്ഡലത്തിലുമുള്ള ഒരാശുപത്രിയിൽ 10 കിടക്കകളുള്ള ഐസോലേഷൻ വാർഡാണ് സജ്ജമാക്കുന്നത്. ആദ്യഘട്ടത്തിൽ നിർമ്മാണത്തിനായി അനുമതി നൽകിയ 90 ആശുപത്രികളിലെ 10 എണ്ണത്തിന്റെ ഉദ്ഘാടനമാണ് നടന്നത്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തിരുവനന്തപുരം സി.എച്ച്.സി. പൂവാർ, കൊല്ലം സി.എച്ച്.സി. നെടുങ്കോലം, സി.എച്ച്.സി. നെടുമ്പന, സി.എച്ച്.സി. തെക്കുംഭാഗം, തൃശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രി, സി.എച്ച്.സി. പഴഞ്ഞി, സി.എച്ച്.സി. പഴയന്നൂർ, മലപ്പുറം സി.എച്ച്.സി. വളവന്നൂർ, കോഴിക്കോട് ഗവ. മെന്റൽ ഹെൽത്ത് സെന്റർ, ഗവ. ഡെർമറ്റോളജി ചേവായൂർ എന്നിവിടങ്ങളിലെ ഐസോലേഷൻ വാർഡുകളുടെ ഉദ്ഘാടനമാണ് നടന്നത്.



# നഗരവസന്തത്തിൽ ശ്രദ്ധേയമായി ഹരിതഗ്രാമം







തിരുവനന്തപുരത്ത് കനകക്കുന്നിൽ സംഘടിപ്പിച്ച നഗര വസന്തം പുഷ്പമേളയിൽ ഹരിതകേരളം മിഷൻ സജ്ജ മാക്കിയ ഹരിതഗ്രാമം പ്രദർശനം ശ്രദ്ധേയമായി. നവകേരളം കർമ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 10 ഓളം കലാ കാരന്മാർ അഞ്ചു ദിവസമെടുത്താണ് ഹരിത ഗ്രാമം ഒരുക്കിയത്. പശ്ചിമഘട്ട സംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, പച്ചത്തുരുത്ത് തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ഹരിത ഗ്രാമം തയാറാക്കിയിട്ടുള്ളത്. പശ്ചിമഘട്ടത്തിന്റെ പശ്ചാത്തലത്തിൽ വയലേലകളുടെ ഓരത്ത് ചായക്കടയും പെട്ടിക്കടയും കാളവണ്ടിയുമെ ല്ലാമുള്ള ഗ്രാമീണ കവലയാണ് ഹരിത ഗ്രാമം. വൃത്തിയുള്ള നാട്, വൃത്തിയുള്ള വീട്, വൃത്തിയുള്ള പരിസരം എന്ന സന്ദേശമാണ് ഹരിത ഗ്രാമം പങ്കുവെ ച്ചത്.

ശുചിത്വ സുന്ദരമായിരുന്ന നമ്മുടെ ഗ്രാമങ്ങൾ മലി നീകരണ ഭീഷണി നേരിടുന്ന കാലഘട്ടത്തിൽ അവ ശുചി യായിത്തന്നെ സംരക്ഷിക്കുക എന്നതാണ് സന്ദേശം. ഹരിത ഗ്രാമത്തിലെ ചായക്കടയിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതെ ബയോബിന്നിൽ സംസ് കരിക്കുന്നു. ബയോബിന്നിൽ നിന്നും ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് അടുക്കളത്തോട്ടത്തിൽ ഉപയോഗിക്കുന്നു. ഇങ്ങ നെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്ന തിന്റെയും പുനരുപയോഗം സാധ്യമാക്കുന്നതിന്റെയും നല്ല പാഠങ്ങൾ ഹരിത ഗ്രാമം പങ്കുവെക്കുന്നു.പ്ലാസ്റ്റിക് മാലിന്യ ങ്ങൾ ഒരു കൈയിൽ നിന്നു വേസ്റ്റ് ബിന്നിലേക്ക് ഊർന്നു വീഴുന്ന ഇൻസ്റ്റലേഷനും ഹരിതഗ്രാമത്തോടൊപ്പം ഒരുക്കി യിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെ റിയുകയോ കത്തിക്കുകയോ ചെയ്യാതെ സംഭരിച്ച് ഹരിത കർമസേനക്ക് കൈമാറി ശാസ്ത്രീയമായ സംസ്കരണം സാ ധ്യമാക്കുക എന്നതാ ണ് ഇൻസ്റ്റലേഷനിലൂ ടെ ഉദ്ദേശിക്കുന്നത്. പശ്ചി മഘട്ടം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും ഹരിത ഗ്രാമത്തിലൂടെ വിളിച്ചുപറയുന്നുണ്ട്. സ്വച്ഛമായി ഒഴുകട്ടെ നമ്മുടെ നീർച്ചാ ലുകൾ എന്ന മുദ്രാവാക്യത്തോടെ ഹരിതകേരളം മിഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണിത്. ഹരിതകേര ളം മിഷന്റെ നേതൃത്വത്തിലുള്ള ജൈവ വൈവിധ്യ സംര ക്ഷണ പരിപാടിയായ പച്ചത്തുരുത്തിന്റെ മാതൃകയും ഹരി തഗ്രാമത്തിൽ ഉൾപ്പെടുത്തിയിരുന്നു. പുഷ്പോത്സവത്തിലെ ത്തിയവരുടെ പ്രധാന ആകർഷണ കേന്ദ്രമായിമാറി ഹരി തഗ്രാമം.




# നാട്ടുണർത്തി പച്ചപ്പ് ശുചിത്വ സന്ദേശ കലാജാഥ

കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ വലിച്ചെറിയൽ മുക്ത പഞ്ചായത്ത് ആക്കി മാറ്റാനുള്ള ആഹ്വാനവുമായി കലാജാഥയും പച്ചപ്പ് ശുചിത്വ ബോധവൽക്കരണ പദയാത്രയും സംഘടിപ്പിച്ചു.

നവകേരളം കർമ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെയാണ് ജാഥ സംഘടിപ്പിച്ചത്. 2022 ഡിസംബർ 17ന് വടക്കുമ്പാട് എൽ.പി.സ്കൂളിന് സമീപത്ത് ജില്ലാ ഡെവലപ്മെൻറ് കമ്മീഷണർ ഡി ആർ മേഘശ്രീ ജാഥ ഫ്ലാഗ് ഓഫ് ചെയ്തു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പര്യടനം നടത്തിയ പദയാത്രയുടെ ഭാഗമായാണ് കലാപരിപാടികൾ അരങ്ങേറിയത്.



പുതിയ ഹരിത സംസ്കാരത്തിന്റെ വിത്തു വിതയ്ക്കാൻ ഒറ്റത്തവണ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം പരമാവധി കുറക്കുകയാണ് വേണ്ടതെന്നും ഇത് ജനങ്ങളെ ബോധ്യപ്പെടുത്തുക, പുനരുപയോഗത്തിന് സാധിക്കാത്തത്പുനചക്രമണത്തിനായി നൽകുക, തുടങ്ങിയ ശീലങ്ങളിലേക്ക് നാടിനെ ഉണർത്തുക എന്നിവയാണ് പച്ചപ്പ് വനിത കലാട്രൂപ്പിലൂടെ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. നാടകം, സംഗീത ശിൽപങ്ങൾ എന്നിവ കോർത്തിണക്കിയാണ് കലാജാഥ ഒരുക്കിയത്. കെ പി രാമകൃഷ്ണൻ, വി കുഞ്ഞികൃഷ്ണൻ എന്നിവരുടെ രചനയിൽ ഇ കുഞ്ഞികൃഷ്ണൻ ചമയവും സ്വാഹ സംഗീതവും ഒരുക്കി. ജാഥ ഡിസംബർ 22ന് സമാപിച്ചു.സമാപന പരിപാടിയിൽ മാലിന്യം വലിച്ചെറിയാത്ത പെരളശ്ശേരിക്കായി നൂറു ദിന കർമ്മ പദ്ധതിയുടെ പ്രഖ്യാപനം ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ ഐഎഎസ് നിർവഹിച്ചു. കലാജാഥ അംഗങ്ങൾക്കുള്ള ഉപഹാര സമർപ്പണം നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ കെ സോമശേഖരൻ നിർവഹിച്ചു. പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് ആക്കി മാറ്റുന്നതിന് വൈവിധ്യങ്ങളായ പ്രവർത്തന പരിപാടികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഹരിത പാഠശാല, കുട്ടികളുടെ ഹരിത പോലീസ്, ടോക് ഷോ, ഹരിത സംഗമം തുടങ്ങിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് കലാരംഗത്തെ ശുചിത്വ ഇടപെടലുകൾ എന്ന് പഞ്ചായത്ത് പ്രസിഡൻ് എവി ഷീബ പറഞ്ഞു.



# ഹരിത നക്ഷത്ര ജലോത്സവം

ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി കോട്ടയം വാഴൂർ ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിതചട്ടം പാലിച്ച് സംഘടിപ്പിച്ച ഹരിതനക്ഷത്ര ജലോത്സവം ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു.

വാഴൂർ പൊത്തൻപ്ലാക്കൽ ചെക്ക് ഡാമിലും മൂലയിൽ ചെക്ക് ഡാമിലുമായാണ് ജലമേള സംഘടിപ്പിച്ചത്. ഹരിതചട്ടം ഉറപ്പാക്കുന്നതിനും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായും പഞ്ചായത്തിലെ ഹരിതകർമ്മസേന അംഗങ്ങളെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരുന്നു. പഞ്ചായത്തിലെ പതിനാറ് വാർഡുകളിലായി ഇരുപതിയൊന്ന് അംഗങ്ങളാണ് ഇതിനായി പ്രവർത്തിച്ചത്. നക്ഷത്ര ജലോത്സവത്തിന്റെ ഭാഗമായി ഓരോ ദിവസവും ഹരിതകർമ്മസേന അംഗങ്ങളെ അതാത് ദിവസത്തെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരുന്നു. ഹരിതചട്ടം പാലിയ്ക്കുന്നതിന്റെ ഭാഗമായി ജൈവ-അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിച്ച് നിക്ഷേപിക്കുന്നതിനായി ബിന്നുകൾ, പ്രകൃതിദത്ത അലങ്കാരങ്ങൾ എന്നിവ സജീകരിച്ചു. ഹരിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം മൗണ്ട് കാർമൽ സ്കൂൾ വിദ്യാർത്ഥികൾ തയാറാക്കി നൽകിയ കാർഡ് ബോർഡ് ബിന്നുകളും, ഹരിതകർമ്മസേന അംഗങ്ങൾ തയാറാക്കിയ വല്ലങ്ങളുമാണ് മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാനായി ഉപയോഗിച്ചത്. ജലസ്രോതസ്സിലെ ശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജലോത്സവം നടത്തുന്ന തോട്ടിൽ നിന്നും പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുകയും ചെയ്തു. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കും, കൃത്യമായി ബിന്നുകൾ ഉപയോഗിക്കാത്തവർക്കും എല്ലാം ഹരിതകർമ്മസേന അംഗങ്ങൾ ബോധവത്കരണം നൽകി.

അതോടൊപ്പം പരിസരത്തെ ഭക്ഷണശാല, ഐസ്ക്രീം കട, എന്നിവിടങ്ങളിലെ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യുന്നതിനായി കട ഉടമകൾക്ക് നിർദേശങ്ങൾ നൽകുകയും, അവർ അത് കൃത്യമായി ചെയുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തു. വാഴൂർ പഞ്ചായത്ത് പ്രസിഡന്റ് വി.പി.റെജി, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീകാന്ത് പി തങ്കച്ചൻ, നവകേരളം കർമ്മപദ്ധതി പ്രതിനിധികൾ, രാഷ്ട്രീയ ഗ്രാമ സ്വരാജ് ബ്ലോക്ക് കോർഡിനേറ്റർ , മറ്റ് പഞ്ചായത്ത് ജനപ്രതിനിധികൾ, പ്രദേശവാസികൾ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



# കോഴിക്കോട് കുന്നമംഗലം ബ്ലോക്കിലെ എം. സി. എഫുകളിൽ ക്രിസ്മസ് ആഘോഷം

കോഴിക്കോട് കുന്നമംഗലം ബ്ലോക്കിലെ ഹരിതകർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകളുടെയും നവകേരളം മിഷന്റെയും സഹകരണത്തോടെ ശുചിത്വ സന്ദേശവുമായി സാന്റാക്ലോസ് കുന്നമംഗലം ബ്ലോക്കിലെ എം. സി. എഫുകളിൽ എത്തി. പെരുമണ്ണ,പെരുവയൽ,മാവൂർ,കൊടിയത്തൂർ,കാരശേരി,ചാത്തമംഗലം കുരുവട്ടൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ എം.സി എഫുകളിൽ ഹരിതകർമസേന അംഗങ്ങൾ കേക്ക് മുറിച്ചും സമ്മാനങ്ങൾ നൽകിയും സാന്റാക്ലോസിനെ സ്വീകരിച്ചു. പഞ്ചായത്തുകളിലെ ജന പ്രതിനിധികളും ഉദ്യോഗസ്ഥരും ആഘോഷത്തിൽ പങ്കെടുത്തു.



# നവകേരളത്തിനായി ക്യാമ്പസുകൾ




കേരളത്തിന്റെ സമഗ്രവികസനത്തിനായുള്ള നവകേരളം കർമ്മപദ്ധതി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ അക്കാദമിക സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കാനും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനുമായി മലപ്പുറം ജില്ലാ മിഷൻ രൂപം നൽകുന്ന 'നവകേരളത്തിനായി ക്യാമ്പസുകൾ' എന്ന കാമ്പയിൻ പദ്ധതിക്ക് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ നിർവ്വഹിക്കുകയും കാമ്പയിൻ പോസ്റ്റർ പ്രകാശനം ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികളെ അണിനിരത്തി നവകേരളം കർമ്മ പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് കരുത്തേകാനുള്ള ഈ ഉദ്യമം മഹത്തരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ പരിസ്ഥിതി പഠനസ്കൂളുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.വിദ്യാർത്ഥികൾക്കായി 'കേരളത്തിന്റെ വികസന ആസൂത്രണത്തിൽ പരിസ്ഥിതി സന്തുലനാവസ്ഥയുടെ പ്രാധാന്യം എത്രത്തോളമാണ്' എന്ന വിഷയത്തിൽ ഉപന്യാസ രചനാമത്സരവും സംഘടിപ്പിച്ചു.

# ആനറകുളം നാടിന് സമർപ്പിച്ചു

ഹരിതകേരളം മിഷന്റെ ഭാഗമായി ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി കൊണ്ട്കാർഷിക വൃത്തിക്കും മറ്റുമായിപൊതുജനങ്ങൾ ഉപയോഗിച്ചിരുന്ന മലപ്പുറം ജില്ലയിലെ കോടത്തൂർ ആനറ കുളം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. പൊന്നാനി എംഎൽഎ പി നന്ദകുമാർ നവീകരിച്ച കുളം നാടിന് സമർപ്പിച്ചു. പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിനീഷ മുസ്തഫ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.



# ഹരിതചട്ടം പാലിച്ച് പുല്ലിച്ചിറ മരിയൻ തീർത്ഥാടനം

കൊല്ലം ജില്ലയിലെ പന്ത്രണ്ട് ദിവസം നീണ്ടു നിൽക്കുന്ന പുല്ലിച്ചിറ മരിയൻ തീർത്ഥാടനം പൂർണമായി ഹരിത ചട്ടം പാലിച്ചു നടത്തി. ദിവസേന പതിനായിരത്തോളം ഭക്തജനങ്ങൾ പങ്കെടുക്കുന്ന ആഘോഷം ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ആരോഗ്യവകുപ്പ്, മയ്യനാട് ഗ്രാമപഞ്ചായത്ത് എന്നിവർ സംയുക്തമായാണ് ഹരിതചട്ടം പാലിച്ചു സംഘടിപ്പിച്ചത്.

ഏകദേശം നൂറോളം താൽക്കാലിക വ്യാപാരസ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കടകളിൽ ഡിസ്പോസബിൾ പാത്രങ്ങൾ, പേപ്പർ കപ്പുകൾ, ക്യാരി ബാഗുകൾ, ഐസ്ക്രീം കപ്പ് പ്ലാസ്റ്റിക്ക് സ്പൂണുകൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കി. ജൈവ അജൈവമാലിന്യം പ്രത്യേകം പ്രത്യേകം ബിന്നുകളിൽ ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറി. ദേവാലയത്തിൽ ദിവസേന ആഹാര വിതരണം നടത്തിയത് സ്റ്റീൽ പ്ലേറ്റിലും ഗ്ലാസിലുമാണ്. മുഴുവൻ ജൈവമാലിന്യവും പ്രത്യേകം സജ്ജീകരിച്ച കുഴിയിൽ നിക്ഷേപിച്ച് വളമാക്കി മാറ്റുകയാണ്. പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഒഴിവാക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പേപ്പർ കവറുകളും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തുണി സഞ്ചികളും സൗജന്യമായി കടകളിൽ വിതരണം ചെയ്തിരുന്നു.തുടർന്നും ജില്ലയിൽ നടത്തുന്ന എല്ലാ ഉത്സവങ്ങളും പെരുന്നാളുകളും പൂർണ്ണമായും ഹരിതചട്ടം പാലിച്ച് നടത്തുമെന്ന് നവകേരളം ജില്ലാ കോർഡിനേറ്റർ എസ്. ഐസക്ക് അറിയിച്ചു.





# വിത്ത് വിത ഉത്സവത്തിൽ പുല്ലാംങ്കുഴി പാടശേഖരം

'ഹരിത സമൃദ്ധി തരിശ് രഹിത ഗ്രാമം' പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെയും കാർഷിക വികസന ക്ഷേമ വകുപ്പിന്റെയും സഹകരണത്തോടെ ഹരിതകേരളം മിഷന്ടെ നേതൃത്വത്തിൽ വിത്ത് വിത ഉത്സവം നടന്നു. കരുവാറ്റാ ഗ്രാമ പഞ്ചായത്തിലെ 11,14 വാർഡുകളിലായി തരിശായി കിടന്ന 14 ഹെക്ടർ വിസ്തൃതിയുള്ള പുല്ലാംങ്കുഴി -നാഷണാംങ്കുഴി പാടശേഖരത്തിൽ ആണ് വിത്ത് വിത ഉത്സവം സംഘടിപ്പിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് എസ് സുരേഷ് അധ്യക്ഷനായ പരിപാടിയിൽ കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം എം സത്യപാലൻ ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ജെ മഹേശ്വരി റിപ്പോർട്ട് അവതരിപ്പിച്ചു.

## വയനാട്ടിൽ തരിശു രഹിത ഗ്രാമങ്ങൾ, പ്രഖ്യാപനം നടത്തി

വയനാട് ജില്ലയിലെ പനമരം ബ്ലോക്കിലെ ഈ വർഷത്തെ തരിശ് രഹിത ഗ്രാമമായി പുൽപള്ളി ഗ്രാമ പഞ്ചായത്തിനെ പ്രഖ്യാപിച്ചു. പുൽപള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി.എസ്. ദിലീപ് കുമാർ ഉദ്ഘാടനം ചെയ്തു.പദ്ധതി പ്രകാരം പുൽപള്ളി ഗ്രാമ പഞ്ചായത്തിൽ കൃഷി യോഗ്യമായ തരിശിടങ്ങളിൽ ആകെ 18 ഹെക്ടറിൽ 16 ഹെക്ടർ കൃഷിയോഗ്യമാക്കി.ബാക്കിയുള്ള 2 ഹെക്ടർ വന്യമൃഗ ശല്യം, ജലക്ഷാമം എന്നീ കാരണങ്ങളാൽ കൃഷി യോഗ്യമാക്കാൻ സാധിക്കാത്തവയാണ്.




മാനന്തവാടി ബ്ലോക്കിലെ ഈ വർഷത്തെ തരിശു രഹിത ഗ്രാമമായി വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിനെ പ്രഖ്യാപിച്ചു. പ്രസിഡന്റ് സുധി രാധാകൃഷ്ണൻ ഉൽഘാടനം ചെയ്തു.പദ്ധതി പ്രകാരം വെള്ളമുണ്ട പഞ്ചായത്തിലെ കൃഷി യോഗ്യമായ മുഴുവൻ തരിശിടങ്ങളിലും കൃഷിയിറക്കിയിട്ടുണ്ട്.ആകെ 13.7 ഹെക്ടറിൽ 9.7 ഹെക്ടർ കൃഷിയോഗ്യമാക്കി.ബാക്കിയുള്ള 4 ഹെക്ടർ രൂക്ഷമായ ജലക്ഷാമം, വന്യമൃഗ ശല്യം എന്നീ കാരണത്താൽ കൃഷി യോഗ്യമാക്കാൻ സാധിക്കാത്തവയാണ്.

## ചെറുകുന്ന് സെൻ്റ് ജോസഫ് ചർച്ചിൽ ദേവഹരിതം പച്ചത്തുരുത്ത്



കണ്ണൂർ ജില്ലയിലെചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ കട്ടക്കുളം സെന്റ് ജോസഫ് ചർച്ച് ദേവാലയത്തിൽ ദേവഹരിതം പച്ചത്തുരുത്തൊരുങ്ങുന്നു. പച്ചത്തുരുത്തിന്റെ നടീൽ ഉദ്ഘാടനം ചെറുകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി നിഷ വൃക്ഷ തൈ നട്ടു നിർവ്വഹിച്ചു.

## അയിരൂർ ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഉദ്ഘാടനം പ്രസിഡൻറ് അനിത കുറുപ്പ് നിർവഹിച്ചു.

പഞ്ചായത്തിലെ ചെറുകോൽപ്പുഴയിലാണ് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 10 ലക്ഷം രൂപയുടെ പദ്ധതിയാണ് ഇത്.കോയിപ്രം ബ്ലോക്ക് ഡിവിഷൻ മെമ്പർ,ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ, ഓവർസീയർമാർ,സി.ഡി എസ് ചെയർപേഴ്സൺ, നവകേരളം ആർ.പി , ഇന്റേൺ ഹരിത കർമ്മ സേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## എംസിഎഫ് ഉദ്ഘാടനം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സതി കിഴക്കയിൽ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അജ്നാഫ് കാച്ചിയിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലെ വാർഡുകളിൽ നിന്ന് ഹരിത കർമ്മ സേന അംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിക്കാനും തരം തിരിച്ച് കയറ്റി അയക്കാനും ഉള്ള ഇടമാണ് മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി. ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്ന് 2460000 രൂപ വകയിരുത്തിയാണ് കാപ്പാട് ബീച്ചിനു സമീപത്തെ ഈ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചത്





# കൂടുതൽ ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം - 157 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്.

സംസ്ഥാനത്തെ കൂടുതൽ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചു. 9 ആശുപത്രികൾക്ക് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരവും 11 ആശുപത്രികൾക്ക് പുനഃ അംഗീകാരവുമാണ് ലഭിച്ചത്. കോട്ടയം പി.എച്ച്.സി. നാട്ടകം 93% സ്കോർ, എറണാകുളം പി.എച്ച്.സി. മുനമ്പം 96% സ്കോർ, തൃശൂർ പി.എച്ച്.സി. പൂമംഗലം 91% സ്കോർ, മലപ്പുറം എഫ്.എച്ച്.സി. കരുളായി 98% സ്കോർ, യു.പി.എച്ച്.സി. വേട്ടേക്കോട് 95.3% സ്കോർ, കോഴിക്കോട് പി.എച്ച്.സി. തിരുവമ്പാടി 92%, പാലക്കാട് പി.എച്ച്.സി. ഒഴലപ്പതി 97% സ്കോർ, കണ്ണൂർ പി.എച്ച്.സി. കോട്ടയം മലബാർ 95%, കൊല്ലം പി.എച്ച്.സി. ചവറ 90% സ്കോർ എന്നിങ്ങനെ നേടിയാണ് പുതുതായി അംഗീകാരം നേടിയത്.

ഇതോടെ സംസ്ഥാനത്തെ 157 ആശുപത്രികൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയെടുക്കാനായത്. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 101 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്. ഇതു കൂടാതെ 9 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

കൊല്ലം എഫ്.എച്ച്.സി. ചാത്തന്നൂർ 91%, പത്തനംതിട്ട എഫ്.എച്ച്.സി. ഓതറ 96%, എറണാകുളം എഫ്.എച്ച്.സി. പാണ്ടപ്പിള്ളി 94%, യു.പി.എച്ച്.സി. തൃക്കാക്കര 94.80%, തൃശൂർ യു.പി.എച്ച്.സി. ഗോസായികുന്ന് 94.5%, മലപ്പുറം യു.പി.എച്ച്.സി. മംഗലശേരി 95.10%, യു.പി.എച്ച്.സി. നിലമ്പൂർ (മുമ്മുളി) 88.10%, വയനാട് എഫ്.എച്ച്.സി. പൊഴുതന 95%, കണ്ണൂർ യു.പി.എച്ച്.സി. പൊറോറ 93.9% കണ്ണൂർ എഫ്.എച്ച്.സി. ആലക്കോട് തേർത്തല്ലി 88%, തിരുവനന്തപുരം യു.പി.എച്ച്.സി. മാമ്പഴക്കര 90% സ്കോർ എന്നീ കേന്ദ്രങ്ങൾക്കാണ് പുനഃ അംഗീകാരം ലഭിച്ചത്. ആലപ്പുഴ, മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് (ലേബർ റൂം - 91%, മെറ്റേർണിറ്റി ഓപ്പറേഷൻ തീയേറ്റർ - 86%) ലക്ഷ്യ സെർട്ടിഫിക്കേഷനും ലഭിച്ചു. ഇതോടെ സംസ്ഥാനത്തെ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ച സർക്കാർ ആശുപത്രികളുടെ എണ്ണം ആകെ 9 ആയി.

സംസ്ഥാനത്തെ കൂടുതൽ സർക്കാർ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചു വരികയാണ്. എല്ലാ ജില്ലാ ആശുപത്രികളിലും ഗുണനിലവാരം ഉറപ്പാക്കും. എംഎൽഎമാരുടെയും മറ്റ് ജനപ്രതിനിധികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ സർക്കാർ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. ആദ്യ ഘട്ടത്തിൽ 42 ആശുപത്രികളെയാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. സമയ ബന്ധിതമായി ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനും അതിലൂടെ എൻ.ക്യു.എ.എസ്. ലക്ഷ്യ സ്റ്റാൻഡേർഡ് എന്നിവ നേടിയെടുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.



# പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിച്ചാൽ മുഖംനോക്കാതെ നടപടി സ്വീകരിക്കണം - സ്പീക്കർ എ എൻ ഷംസീർ

പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖംനോക്കാതെ നടപടി സ്വീകരിക്കണമെന്ന് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ. ചാവക്കാട് നഗരസഭയുടെ ടേക്ക് എ ബ്രേക്ക് പദ്ധതി നാടിന് സമർപ്പിച്ചു സംസാരിക്കുകയായിരുന്നു സ്പീക്കർ. ശുചിത്വബോധമുള്ള സമൂഹത്തെ വാർത്തെടുക്കുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. പദ്ധതികളുടെ പരിപാലനം കൃത്യമായി നടത്തുകയും നഗരസഭകൾ അത് പരിശോധിക്കുകയും വേണം. പരിസരശുചിത്വത്തിൽ ജനങ്ങൾ കൂടുതൽ ശ്രദ്ധപുലർത്തണമെന്നും സ്പീക്കർ വ്യക്തമാക്കി.

വഴിയാത്രക്കാർക്ക് ആധുനിക സൗകര്യങ്ങളോടെ വിശ്രമകേന്ദ്രം ഒരുക്കുന്ന ചാവക്കാട് നഗരസഭയുടെ രണ്ടാമത്തെ ടേക്ക് എ ബ്രേക്ക് പദ്ധതിയാണിത്. നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. ചാവക്കാട് പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം കൂട്ടുങ്ങൽ ചത്വര പരിസരത്ത് നഗരസഭ 146 ചതുരശ്ര മീറ്ററിൽ ഇരുനിലകളിലായാണ് കെട്ടിടം പണിതിട്ടുള്ളത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് ഏത് സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്കായി ടോയ്‌ലറ്റ്, യൂറിനൽ, ഫീഡിംഗ് റൂം, വിശ്രമകേന്ദ്രം, കഫേ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## ഹരിത കർമ്മസേനയുടെ സേവനം നിർബന്ധമാക്കി ഏലൂർ നഗരസഭ

എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേനയുടെ സേവനം ഉറപ്പാക്കി ഏലൂർ നഗരസഭ. സ്മാർട്ട് ഗാർബേജ് ആപ്പ് ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് മാലിന്യം നഗരസഭക്ക് നൽകാത്ത വീടുകളും,സ്ഥാപനങ്ങളും ഏതെന്ന് വ്യക്തമാണ്. നൂറ് ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ശേഖരണം ഉറപ്പ് വരുത്തുന്നതിന് നഗരസഭയുടെ എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേനയുടെ സേവനം നിർബന്ധമാക്കാൻ കൗൺസിൽ യോഗം തീരുമാനിച്ചു. ഗാർബേജ് ആപ്പിലൂടെ എല്ലാ മാസവും പരിശോധന നടത്തും.

നൂറ് ശതമാനം ഹരിത കർമ്മസേനയുടെ സേവനം ഉറപ്പാകുന്ന വാർഡിന് ഒരു ലക്ഷം രൂപയും, ഒരു വർഷം നൂറ് ശതമാനം ഹരിത കർമ്മസേനയുടെ സേവനം ഉറപ്പാക്കുന്ന വാർഡിന് അഞ്ച് ലക്ഷം രൂപയും വികസന ഫണ്ടിൽ നിന്നും സമ്മാനമായി നൽകും.



പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിത കർമ്മസേനക്ക് ഇലക്ട്രിക് ഓട്ടോ പഞ്ചായത്ത് പ്രസിഡന്റ് രമേഷ്കുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

# ലൈഫ് പദ്ധതി കരാർനടപടി പുരോഗമിക്കുന്നു

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കളുമായുള്ള കരാർ നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പൊതുവിഭാഗത്തിൽ ഉൾപ്പെട്ടവർക്കും മുൻഗണനാക്രമം അനുസരിച്ച് ഭവനനിർമ്മാണാനുകൂല്യം നല്കുന്നതിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. ഗുണഭോക്തൃ സംഗമങ്ങൾ പൂർത്തിയായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനോടകം രണ്ടായിരത്തിലേറെ ഗുണഭോക്താക്കളുടെ കരാർ നടപടി പൂർത്തിയായിട്ടുണ്ട്. കരാറിലേർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷനിൽ നിന്നും ആദ്യ ഗഡുവായി സംസ്ഥാന വിഹിതം ലഭ്യമാക്കും. ഇതുവരെ ലൈഫ് ഭവനപദ്ധതി പ്രകാരം സംസ്ഥാനത്ത് 3,21,188 പേർക്കാണ് വീട് നൽകിയത്.



ഹരിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം മൗണ്ട് കാർമൽ സ്കൂളിലെ വിദ്യാർത്ഥികൾ തയാറാക്കിയ ജൈവബിന്നുകൾ, പേപ്പർ പേനകൾ, പേപ്പർകവറുകൾ, ഫയൽ തുടങ്ങിയവ.



നവകേരളം കർമപദ്ധതി പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനായി ചേർന്ന സംസ്ഥാനതല അവലോകന യോഗം

# ഹരിത കർമ്മസേനയ്ക്ക് യൂസർഫീ നൽകേണ്ടത് നിയമപരമായ ബാധ്യത, മറിച്ചുള്ള പ്രചാരണം അടിസ്ഥാന രഹിതം

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന വഴി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും യൂസർഫീ ഈടാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്ക് നിയമപരമായ അധികാരം ഉണ്ട്. മറിച്ചുള്ള പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണ്.

ഭാരത സർക്കാർ 2016 ൽ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 8(3) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിക്കുന്ന ബൈലോയിലൂടെ നിശ്ചയിക്കുന്ന യൂസർഫീ വീടുകളും സ്ഥാപനങ്ങളും നൽകാൻ ബാദ്ധ്യസ്ഥരാണ്. ഈ ചട്ടങ്ങൾ പ്രകാരമുള്ള ബൈലോ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അതിന്റെ ഭാഗമായാണ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ച് നടപ്പാക്കി വരുന്നത്. ഈ ബൈലോ പ്രകാരം വീടുകളിൽ അല്ലെങ്കിൽ സ്ഥാപനങ്ങളിൽ ഉപയോഗിച്ചു കഴിഞ്ഞ പ്ലാസ്റ്റിക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിച്ചിട്ടുള്ള ഹരിത കർമ്മസേനയ്ക്ക് നൽകേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള യൂസർഫീ കൊടുക്കേണ്ടതുമാണ്.



കേരളസർക്കാരിന്റെ 2020 ഓഗസ്റ്റ് 12-ലെ ഉത്തരവ് (No. 1496/2020) പ്രകാരം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് യൂസർഫീ നിർബന്ധമാക്കത്തക്ക നടപടികൾ തദ്ദേശ സ്ഥാപനം വഴി സ്വീകരിക്കുവാൻ നിർദ്ദേശമുണ്ട്. ഇതിന്റെ ഭാഗമായാണ് തദ്ദേശ സ്ഥാപനങ്ങൾ മാലിന്യ ശേഖരണത്തിന് യൂസർഫീ നിശ്ചയിച്ചത്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : B. Manoj : Public Relations Officer, Anu Liya Jose: Young Professional, Archana Shaji : Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01